# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1416** **06.02.2020-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് മാറ്റിതാമസിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശ വേലിയേറ്റ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് മാറ്റിതാമസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | എ) തീര പ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഈ പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ; | ബി) 'പുനർഗേഹം' പദ്ധതിയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപ അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുളളത്. |
| സി) കടലോരത്ത് നിന്നും മാറി താമസിക്കുവാൻ തയ്യാറാകുന്ന കുടുംബങ്ങൾക്ക് വസ്തു വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനുമായി അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് അറിയിക്കാമോ; | സി) സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ തയ്യാറാകുന്ന കുടുംബത്തിന് ഭൂമി വാങ്ങാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായം ലഭ്യമാകുന്നതാണ്. സ്ഥലത്തിന്റെ വില, രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തു കൂലി എന്നിവയുൾപ്പെടെ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും ഉൾപ്പെടെയാണ് 10 ലക്ഷം രൂപ അനുവദിക്കുന്നത്. എന്നിരുന്നാലും സ്ഥലം വാങ്ങലിനും രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തു കൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. |
| ഡി) വസ്തുവിന്റെ വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ അനുവദിക്കുന്ന തുക കൊണ്ട് വസ്തു വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ? | ഡി) ഉണ്ട് കുറഞ്ഞത് 2 സെന്റും പരമാവധി 3 സെന്റും വസ്തു വാങ്ങുന്നതിന് വസ്തു വിലയായി പുനർ ഗേഹം പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിക്കുന്നുണ്ട് ഇത്തരത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഏറ്റവും ഉയർന്ന നിരക്കാണിത്. 35 മീറ്റർ സ്ക്വയറിൽ കുറയാത്തതും 100 മീറ്റർ സ്ക്വയറിൽ കൂടാത്തതുമായ ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**